## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 32 12.06.2012-ൽ മറുപടിക്ക്.

## കഞ്ചിക്കോട് റെയിൽവെ കോച്ച് ഫാക്ടറി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി.പി. സജീന്ദ്രൻ:<br>ശ്രീ. വി.ഡി. സതീശൻ:<br>ശ്രീ. ജോസഫ് വാഴക്കൻ:<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |
| (എ) | കഞ്ചിക്കോട് റെയിൽവെ കോച്ച് ഫാക്ടറി തുടങ്ങുവാൻ കേന്ദ്ര ഗവൺമെന്റ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (എ) | 21-2-2012 ൽ ശിലാസ്ഥാപനം നിർവ്വഹിക്കപ്പെട്ട റെയിൽവേ കോച്ച് ഫാക്ടറി പദ്ധതി സ്വകാര്യപങ്കാളിത്തത്തോടെയുള്ള കൂട്ടു സംരംഭമായിരിക്കുമെന്നും International Competitive Bidding നടപടിക്രമങ്ങൾ തുടങ്ങിക്കഴിഞ്ഞെന്നും താമസിയാതെ സംസ്ഥാന സർക്കാർ അനുവദിച്ച ഭൂമി ഏറ്റെടുക്കുമെന്നും, റയിൽവേ അറിയിച്ചിട്ടുണ്ട്. |
| (ബി) | ഫാക്ടറിയുടെ പ്രവർത്തനം യാഥാർത്ഥ്യമാക്കാൻ സംസ്ഥാനം എന്തൊക്കെ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്; | (ബി) | 2008-2009-ലെ റെയിൽവേ ബഡ്ജറ്റിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതിയാണ് പാലക്കാട് റെയിൽ കോച്ച് ഫാക്ടറി. ഇതിനായി ആവശ്യമുള്ള 430.59 ഏക്കർ ഭൂമി 01.02.2010-ലെ ജി.ഒ. (എം.എസ്) 8/ 2010 നമ്പർ ഉത്തരവ് പ്രകാരം ഏറ്റെടുക്കാൻ തീരുമാനിക്കുകയും അതിൽ 429.27 |

| | | | |
|---|---|---|---|
| | | | ഏക്കർ ഭൂമി സംസ്ഥാന സർക്കാർ ഏറ്റെടുക്കുകയും ചെയ്തു. പദ്ധതി സ്വകാര്യ പങ്കാളിത്തത്തോടെയുള്ള കൂട്ടു സംരംഭമായി നടത്തുന്നതിനായി, ഭൂമി സർക്കാരിൽ നിന്നും വിലയ്ക്ക് വാങ്ങാമെന്ന് റയിൽവേ നിർദ്ദേശിക്കുകയും, അവരുടെ ഇപ്പോഴത്തെ ആവശ്യപ്രകാരം 33.70 കോടി രൂപയ്ക്ക് 239 ഏക്കർ ഭൂമി കേന്ദ്ര റെയിൽ മന്ത്രാലയത്തിന് കൈമാറാൻ സംസ്ഥാന സർക്കാർ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | ഫാക്ടറി യാഥാർത്ഥ്യമാകുന്നതോടെ വ്യവസായ - തൊഴിൽ മേഖലകളിൽ എന്തൊക്കെ നേട്ടങ്ങളാണ് ഉണ്ടാകുന്നത്; | (സി) | ഫാക്ടറി യാഥാർത്ഥ്യമാകുന്നതോടെ സംസ്ഥാനത്തെ വ്യവസായ - തൊഴിൽ മേഖലകളിലും ഗണ്യമായ വികസനം പ്രതീക്ഷിക്കുന്നു. |
| (ഡി) | കോച്ച് ഫാക്ടറിയുടെ ഉൽപാദനലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (ഡി) | അന്താരാഷ്ട്ര നിലവാരമുള്ളതും വളരെയധികം ആവശ്യക്കാരുള്ളതുമായ light weight Aluminium കോച്ചുകൾ നിർമ്മിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത് എന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ